വിനോദ നികുതി

99 (497) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദ നികുതി കോമ്പൗണ്ട് ചെയ്ത് നൽകുന്നത് നിയമത്തിലെ ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കുമോ ;

(ബി) സിറ്റിംഗ് കപ്പാസിറ്റി കണക്കാക്കാൻ പറ്റാത്ത കേസ്സുകളിൽ കോമ്പൗണ്ട് ചെയ്ത് നൽകുവാൻ നിലവിൽ നിയമത്തിൽ വ്യവസ്ഥ ഉണ്ടോ ;

(സി) എങ്കിൽ വിശദീകരിക്കുമോ ;

(ഡി) അമ്യൂസ്മെന്റ് പാർക്കുകളുടെ വിനോദ നികുതി കോമ്പൗണ്ട് ചെയ്ത് നൽകുന്നത് എന്ത് മാനദണ്ഡമനുസരിച്ചാണ് ;

(ഇ) എത്ര മാസത്തെ കളക്ഷൻ പരിശോധിച്ചതിന് ശേഷമാണ് അനുവാദം നൽകുന്നത് ;

(എഫ്) കോമ്പൗണ്ട് ചെയ്ത് നൽകുന്നത് കളക്ഷന്റെ എത്ര ശതമാനം കണക്കാക്കിയാണ് ;

(ജി) പഞ്ചായത്തിന്റെ അഭിപ്രായം ഇക്കാര്യത്തിൽ തേടാറുണ്ടോ ?

ഉത്തരം

(എ) 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെൻമെന്റ് ടാക്സ് ആക്ട്-4, 1962 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെൻമെന്റ് റൂൾസ് 4,5, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ് ആക്ട് 5(1)എ, 5(1) ബി എന്നീ സെക്ഷനുകൾ പ്രകാരം വിനോദനികുതി ചുമത്തി ഈടാക്കാമെന്നതിനാൽ ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾപ്രകാരം കോമ്പൗണ്ട് ചെയ്യാം.

(ഇ) കുറഞ്ഞത് ആറുമാസത്തെ വരുമാനം കണക്കാക്കിയാണ്.

(എഫ്) മൊത്തം നികുതിയുടെ 75 ശതമാനത്തിൽ കുറയാത്ത തുക.

(ജി) ഉണ്ട്.

വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്കിന്റെ വിനോദ നികുതി

100 (498) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) "വീഗാലാന്റ്" എന്ന അമ്യൂസ്മെന്റ് പാർക്കിന്റെ വിനോദനികുതി കോമ്പൗണ്ട് ചെയ്ത് നൽകണമെന്ന് സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവരെ എത്ര രൂപ വിനോദനികുതിയായി അടച്ചു ; നിത്യേനയുള്ള കളക്ഷന്റെ അടിസ്ഥാനത്തിലാണോ ഇപ്പോൾ നികുതി പിരിക്കുന്നത് ;

(സി) അല്ലെങ്കിൽ എന്ത് മാനദണ്ഡം അനുസരിച്ചാണ് ;

(ഡി) സ്ഥാപനം നൽകിയ കളക്ഷൻ സ്റ്റേറ്റുമെന്റ് വിശ്വസിക്കുമോ ;

(ഇ) രണ്ട് കോടിയോളം രൂപ പ്രതിമാസ കളക്ഷനുള്ളത് കണക്കിലെടുക്കാതെ നിയമത്തിൽ വ്യവസ്ഥയില്ലാത്ത രീതിയിൽ നാമമാത്രമായ തുകയ്ക്ക് നികുതി കോമ്പൗണ്ട് ചെയ്ത് നൽകാൻ നീക്കം നടക്കുന്നതായ പരാതി അന്വേഷിക്കുമോ ;

(എഫ്) ഇക്കാര്യത്തിൽ ലോകായുക്തയോ ഓംബുഡ്സ്മാനോ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ജി) പഞ്ചായത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനായി മൂന്ന് മാസത്തെ കളക്ഷൻ നിരീക്ഷിച്ചശേഷം നികുതി കോമ്പൗണ്ട് ചെയ്ത് നൽകുമോ ?

ഉത്തരം

(എ) ഇല്ല. നിലവിലുള്ള നികുതി നിരക്കിൽ നിന്നും ഒഴിവ് ലഭ്യമാക്കണമെന്നാണ് അവർ ആവശ്യം ഉന്നയിച്ചിട്ടുള്ളത്.

(ബി-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) സർക്കാരിന് അപ്രകാരം പരാതി ലഭിച്ചിട്ടില്ല.

(എഫ്) ഇല്ല.

(ജി) കോമ്പൗണ്ട് ചെയ്യാനുള്ള അപേക്ഷ തന്നെ ലഭിച്ചിട്ടില്ല എന്നതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ശിശുവിഹാർ കേന്ദ്രങ്ങളിലെ ആനുകൂല്യങ്ങൾ

101 (499) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനൊന്നിന പരിപാടിയനുസരിച്ച് പഞ്ചായത്തുകളിൽ എത്ര ശിശുവിഹാർ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ശിശുവിഹാർ കേന്ദ്രങ്ങളിലെ അദ്ധ്യാപകർക്കും ആയമാർക്കും ഇപ്പോൾ എത്ര രൂപ വീതമാണ് പ്രതിമാസവേതനമായി നൽകുന്നത് ;

(സി) പ്രസ്തുത ശിശുവിഹാറുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അംഗനവാടികളിലെപ്പോലെ ഭക്ഷണ സാധനങ്ങൾ ലഭ്യമല്ല എന്ന വസ്തുത കണക്കിലെടുത്ത് ആ കുട്ടികൾക്കുകൂടി പോഷകാഹാരവും മറ്റും നൽകാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly